**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2161 18.07.2016-ലെ മറുപടിക്ക്**

**സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിന് സൗകര്യം നൽകുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പ്ലസ് വൺ അഡ്മിഷനായി സ്പോർട്സ് ക്വാട്ടയിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് കായികാധ്യാപകരോ പരിശീലന സൗകര്യമോ ഇല്ലാത്ത സ്കൂളിൽ അഡ്മിഷൻ ലഭിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | പ്ലസ് വൺ പ്രവേശനത്തിന് സ്പോർട്സ് ക്വാട്ടയിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് കായികാദ്ധ്യാപകരോ, പരിശീലന സൗകര്യമോ ഇല്ലാത്ത സ്കൂളിൽ അഡ്മിഷൻ ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | | |
| (സി) | സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കായികാധ്യാപകർ ഉള്ളതും കായിക പരിശീലനത്തിന് സൗകര്യമുള്ളതുമായ സ്കൂളിലേക്ക് അഡ്മിഷൻ മാറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ഉത്തരവിറക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | സ്പോർട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നവർക്ക് കായികാദ്ധ്യാപകരോ, പരിശീലന സൗകര്യമോ ഉള്ള സ്കൂളിലേയ്ക്ക് എന്ന പരിഗണന നൽകി അഡ്മിഷൻ നൽകാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം കഴിയില്ല. എന്നാൽ കായിക രംഗത്ത്മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് അവർക്ക് സൗകര്യപ്രദമായ സ്കൂളുകളിലേക്ക് സർക്കാർ പ്രത്യേകാനുമതിയിലൂടെ മാറ്റം നൽകുന്നുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ.